(സി) ഭക്ഷ്യവകുപ്പിനുകീഴിൽ സപ്ലൈകോവഴി വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനം

242(3167) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്രപേർക്ക് നിയമനം നൽകി ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) സപ്ലൈകോയിൽ നിയമന നിരോധനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിരോധനം ഒഴിവാക്കി റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

നാളിതുവരെ 1328 ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവുനൽകിയിട്ടുണ്ട്. എൻ.ജെ.ഡി. ഒഴിവുകൾ, പ്രൊമോഷൻവഴി ഉണ്ടായ ഒഴിവുകൾ, ജോലി രാജിവച്ചതുമൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ എന്നിവ ഉൾപ്പെടെ 1328 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി മുമ്പാകെയുള്ള WP(C)2221/2014 നമ്പർ കേസ് ഇതുവരെ തീർപ്പാക്കി വിധിന്യായം പുറപ്പെടുവിച്ചിട്ടില്ല.

(സി) ഇല്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly